"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ - ശ്രീ.തദ്ദേവൂസ് പി.എക്സ്., സ്കിൽഡ് ഗ്രേഡ് I, ട്രാക്കോ കേബിൾ കമ്പനി, ഇരുമ്പനം, എറണാകുളം - അന്യത്ര സേവനം അനുവദിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.251/2024/TAXES തീയതി,തിരുവനന്തപുരം, 14-03-2024

പരാമർശം:-
1. 20.01.2022 -ലെ എ2/90/2021-നികതി നം സർക്കാർ കത്ത്.
2. സ.ഉ(സാധാ)നം. 655/2023/നികുതി തീയ്യതി 21.09.2023
3. ശ്രീ.തദ്ദേവൂസ് പി.എക്സ്., 07.10.2023- ൽ സമർപ്പിച്ച അപേക്ഷ
4. ട്രാക്കോ കേബിൾ കമ്പനി യൂണിറ്റ് ഹെഡ്-ന്റെ 25.10.2023 ലെ 25/P&A/561 നം. കത്ത്
5. കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 04.03.2024 ലെ KSBC/11095/2023-AE11 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് - ലെ ഗ്രേഡ് I സ്കിൽഡ് ശ്രീ.തദ്ദേവൂസ് പി.എക്സ് കേരള സംസ്ഥാന ബിവറേജസ് കോർപറേഷനിൽ എറണാകുളം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവനം ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.തദ്ദേവൂസ് പി.എക്സ്- ന് കേരള സംസ്ഥാന ബിവറേജസ് കോർപറേഷനിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവനം അനുവദിക്കുന്നതിന് എതിർപ്പില്ലെന്ന് യൂണിറ്റ് ഹെഡ്,ട്രാക്കോ കേബിൾ കമ്പനി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.തദ്ദേവൂസ് പി.എക്സ്-ന് എറണാകുളം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, എറണാകുളം ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് - ലെ ഗ്രേഡ് I സ്കിൽഡ് ശ്രീ.തദ്ദേവൂസ് പി.എക്സ്., നെ എറണാകുളം ജില്ലയിൽ കേരള സംസ്ഥാന ബിവറേജസ് കോർപറേഷന്റെ FL 1 ഷോപ്പിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്ലികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ്

ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) ഈ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് നൽകേണ്ടതും നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാതൃവകുപ്പ് ശ്രീ.തദ്ദേവൂസ് പി.എക്സ്- നെ വിടുതൽ ചെയ്യേണ്ടതുമാണ്. വിടുതൽ ചെയ്യുന്ന ജീവനക്കാരന് പകരം മാതൃ വകുപ്പിൽ മറ്റുനിയമനം നടത്തുവാൻ പാടുള്ളതല്ല. കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യയ്ക്ക് ശ്രീ.തദ്ദേവൂസ് പി.എക്സ് - ന് അർഹത ഉണ്ടായിരിക്കുന്നതല്ല. ടി നിയമനം ജോലിയിൽ ചേരുന്ന സമയം മുതൽ ഒരു വർഷത്തേക്കോ PSC നിയമനം നടക്കുന്നതുവരെയോ എതാണോ ആദ്യം അതുവരെ മാത്രമായിരിക്കും. ഒരു വർഷം തികയുന്ന / PSC നിയമനം നടക്കുന്ന മുറയ്ക്ക് ടിയാന് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മാതൃ വകുപ്പിലേക്ക് വിടുതൽ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.
2.യൂണിറ്റ് ഹെഡ്, ട്രാക്കോ കേബിൾ കമ്പനി,ഇരുമ്പനം, എറണാകുളം-682309
3.ശ്രീ.തദ്ദേവൂസ്.പി.എക്സ്. (യൂണിറ്റ് ഹെഡ്, ട്രാക്കോ കേബിൾ കമ്പനി മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
6. വെബ്ബ് ആന്റ് ന്യൂ മീഡിയ
7. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (നികതി-എ2/65/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Sreelekha S
Date: 14-03-2024 14:53:11
സെക്ഷൻ ഓഫീസർ